"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ.വേലായുധനിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കിയ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കാട്ടിപ്പരുത്തി വില്ലേജിൽ റീ സർവ്വെ നം. 213/1ൽപ്പെട്ട 8 സെന്റ് ഭൂമി, കുടിശ്ശിക ഒടുക്കുന്നതിൽ നിന്നും അപേക്ഷകനെ ഒഴിവാക്കിയ സാഹചര്യത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരികെ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.11/2026/RD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. 09.02.1968-ലെ സ.ഉ(എം.എസ്)88/68/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 27.12.1991 ലെ പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസറുടെ B-8998/89 നമ്പർ സാക്ഷ്യപത്രം.
3. 12.03.1998 ലെ തിരൂർ തഹസീൽദാരുടെ .R1-81/86-87 നമ്പർ ഉത്തരവ്
4. 19.03.2020 ലെ തിരൂർ തഹസീൽദാർ(ഭൂരേഖ)-യുടെ B2-4426/20 നമ്പർ നടപടിക്രമം.
5. മലപ്പുറം ജില്ലാ കളക്ടറുടെ 01.02.2022, 29.06.2024 തീയതികളിലെ DCMPM/1244/2022-D5 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

1984-85 വർഷത്തിൽ RLEGB പദ്ധതി പ്രകാരം പിലാക്കോളിൽ പറമ്പിൽ, കാട്ടിപ്പരുത്തി ശ്രീ. വേലായുധന് അനുവദിച്ച വീടിന്റെ പണി പൂർത്തീകരിക്കാൻ വൈകിയതിനാൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ അർത്ഥനയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച്, ടിയാന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ റീ സർവ്വെ നം. 213/1ൽപ്പെട്ട 8 സെന്റ് ഭൂമി 17.09.1987 ൽ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കി പരാമർശം (2) പ്രകാരം ലേലം സ്ഥിരീകരിച്ചിരുന്നു. കുടിശ്ശികക്കാരൻ വീടിന്റെ പണി പൂർത്തീകരിച്ചതിനാൽ കുടിശ്ശിക അടവാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി കുറ്റിപ്പുറം ബി.ഡി.ഒ അറിയിച്ചതിനെ തുടർന്ന്, പരാമർശം (3) പ്രകാരം കേരള റവന്യൂ റിക്കവറി നിയമം, വകുപ്പ് 42 പ്രകാരം ഫോറം 14 പുറപ്പെടുവിച്ച് ടിയാന്റെ പേരിലുള്ള ജപ്തി നടപടികൾ പിൻവലിച്ചിരുന്നു. എന്നാൽ ഭൂമി വിട്ടു കൊടുത്തതായി വില്ലേജ് രേഖകളിലോ താലൂക്ക് രജിസ്റ്ററിലോ രേഖപ്പെടുത്താതിരുന്നതുമൂലം പ്രസ്തുത ഭൂമി ബോട്ട് ഇൻ ലാൻഡ് ഭൂമികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടു വരികയും ചെയ്തു. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ ബോട്ട് ഇൻ ലാൻഡ് ഭൂമികൾ പുറമ്പോക്കാക്കി മാറ്റുന്നതിന് കർശന നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് ടി ഭൂമി പരാമർശം (4) പ്രകാരം റവന്യൂ പുറമ്പോക്കാക്കി മാറ്റി സബ് ഡിവിഷൻ റിക്കാർഡുകൾ

തയ്യാറാക്കിയിരുന്നു.

2) ഭൂനികുതി അടവാക്കുന്നതിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് തിരൂർ തഹസീൽദാർ മുമ്പാകെ കുടിശ്ശികകക്ഷി സമർപ്പിച്ചിരുന്ന അപേക്ഷയോടൊപ്പം ഫോറം 14 കൂടി ഹാജരാക്കിയപ്പോഴാണ് ബോട്ട് ഇൻ ലാൻഡ് വിട്ടു കൊടുത്ത വിവരം അറിയുന്നതെന്നും എന്നാൽ ബോട്ട് ഇൻ ലാൻഡ് തഹസീൽദാർ വിട്ടു നൽകിയ വിവരം വില്ലേജ് രേഖകളിലോ താലൂക്ക് രജിസറ്ററിലോ രേഖപ്പെടുത്തിയിരുന്നില്ലെന്നും പരാമർശം(5) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി നിയമം സെക്ഷൻ 42 പ്രകാരം ഫോറം 14 നൽകിയതിനാലും നിലവിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ലാത്തതിനാലും, റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, കൈവശക്കാരനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന് തിരൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ബോട്ട് ഇൻ ലാൻഡാക്കിയതും, പിന്നീട് പുറമ്പോക്കാക്കി മാറ്റിയതുമായ പ്രസ്തുത ഭൂമി നിലവിലെ നിയമത്തിൽ ഇളവ് വരുത്തി, പ്രത്യേക കേസായി പരിഗണിച്ച്, കക്ഷിക്ക് തിരികെ നൽകുന്നതിന് സർക്കാർ തലത്തിൽ ഉത്തരവാകണമെന്ന് പരാമർശം(5) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബോട്ട്-ഇൻ-ലാൻഡാക്കിയ വസ്തു ലേല സ്ഥിരീകരണം ചെയ്ത് അഞ്ച് വർഷത്തിനകം അപേക്ഷിക്കുന്ന പക്ഷം തിരികെനൽകുന്നതിന് 2024 ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റിൽ വകുപ്പ് 50എ-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, പ്രസ്തുത ആക്റ്റിന് വകുപ്പ് 1(2) പ്രകാരം ഉടൻ പ്രാബല്യമാണ് നൽകിയിട്ടുള്ളത്. അതിനാൽ 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയ ശ്രീ. വേലായുധന്റെ തിരൂർ താലൂക്കിലെ, കാട്ടിപ്പരുത്തി വില്ലേജിലെ 8 സെന്റ് ഭൂമിയ്ക്ക് ടി ഭേദഗതി ബാധകമാകുകയില്ല. കൂടാതെ, ശ്രീ വേലായുധന്റെ ഭൂമി ബോട്ട് ഇൻ ലാൻഡാക്കിയപ്പോൾ നിലനിന്നിരുന്ന പരാമർശം(1) ഉത്തരവ് പ്രകാരം ബോട്ട്-ഇൻ-ലാൻഡ് ആയി സ്ഥിരീകരണം ലഭിച്ച് 2 വർഷത്തിനു ശേഷം ആയത് തിരികെ ലഭിക്കുന്നതിനായി അപേക്ഷിക്കുന്ന ആർക്കും തന്നെ ഭൂമി തിരികെ നൽകേണ്ടതില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1984-85 വർഷത്തിൽ അനുവദിച്ച വീടിന്റെ പണി പൂർത്തീകരിച്ചതിനാൽ കുടിശ്ശിക അടവാക്കുന്നതിൽ നിന്നും അപേക്ഷകനെ അർത്ഥനാധികാരി ഒഴിവാക്കിയിട്ടുള്ളതിനാലും 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി നിയമം, സെക്ഷൻ 42 പ്രകാരം ഫോറം 14 തഹസീൽദാർ നൽകിയതിനാലും, ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, ടിയാനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന ജില്ലാകളക്ടറുടെ റിപ്പോർട്ടു അടിസ്ഥാനമാക്കിയും ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. വേലായുധനിൽ നിന്നും ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡ് ആക്കി 27/12/1991 ൽ ലേലം സ്ഥിരീകരിച്ച് 19.03.2020 ൽ പുറമ്പോക്കാക്കി മാറ്റിയ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കാട്ടിപ്പരുത്തി വില്ലേജിൽ റീ.സർവ്വേ 213/1 ൽപ്പെട്ട 8 സെന്റ് ഭൂമി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഭൂമിയുടെ കമ്പോള വില ഈടാക്കാതെ അപേക്ഷകന് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) മലപ്പുറം ജില്ലാ കളക്ടർ രേഖകളുടെ ആധികാരികത ഉറപ്പു വരുത്തി മേൽ പരാമർശിച്ച ഭൂമി തിരികെ നൽകുന്നതിനുള്ള നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ശ്രീ. വേലായുധൻ, S/o കുഞ്ഞക്കൻ, പിലാക്കോളിൽ പറമ്പിൽ, കാട്ടിപ്പരുത്തി, മലപ്പുറം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.

തഹസീൽദാർ, തിരൂർ താലൂക്ക്, മലപ്പുറം
പൊതുഭരണ(എസ് സി) വകുപ്പ്-07.01.206 ലെ ഇനം നമ്പർ 3520 പ്രകാരം
നിയമ വകുപ്പ്(OPN-G2/100/2025-LAW dated 10.06.2025)
ധനകാര്യ വകുപ്പ്(E-2884454/EXP-D3/83/2024-FIN dated 22.09.2025)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ വിവരം പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 09-01-2026 09:52:07

സെക്ഷൻ ഓഫീസർ

ബഹു. റവന്യൂ വകുപ്പ മന്ത്രിയുടെ പി.എസ്. ന്
റവന്യൂ (എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (എച്ച്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.